**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3122** **25-06-2024 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിൽ കെ.എസ്.എഫ്.ഡി.സി നിർമ്മിക്കുന്ന തിയറ്റർ പ്രോജക്ടിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ, അളഗപ്പനഗർ പഞ്ചായത്തിലെ ആമ്പല്ലൂരിൽ കിഫ്ബി ധനസഹായത്തോടുകൂടി കെ.എസ്.എഫ്.ഡി.സി നിർമ്മിക്കുന്ന തീയറ്റർ പ്രോജക്ടിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (എ) | പുതുക്കാട് മണ്ഡലത്തിലെ, അളഗപ്പനഗർ പഞ്ചായത്തിലെ തീയറ്റർ സമുച്ചയത്തിന്റെ സ്ട്രക്ച്ചറൽ വർക്ക്, ബ്ലോക്ക് വർക്ക്, പ്ലാസ്റ്ററിംഗ് വർക്ക്, റൂഫിംഗ് വർക്ക് മുതലായവ പൂർത്തീകരിച്ചു. സ്റ്റപ്പ് റാക്കിംഗ്, സംപ് ടാങ്ക്, സെപ്റ്റിക് ടാങ്ക് മുതലായവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണം ആരംഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും പ്രസ്തുത തീയറ്റർ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | തീയറ്റർ സമുച്ചയം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന 62.25 സെന്റ് ഭൂമിയിൽ 7.25 സെന്റ് ഭൂമി കൂടി റവന്യൂ വകുപ്പിൽ നിന്ന് ലഭിക്കാനുണ്ട്. |
| (സി) | നിർമ്മാണ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; | (സി) | തീയറ്റർ സമുച്ചയം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന 62.25 സെന്റ് ഭൂമിയിൽ 7.25 സെന്റ് ഭൂമി കൂടി റവന്യൂ വകുപ്പിൽ നിന്ന് ലഭിക്കാനുണ്ട്. |
| (ഡി) | പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിനും നിർമ്മാണത്തിനുണ്ടായിട്ടുള്ള കാലതാമസം അവസാനിപ്പിച്ച് ഉടൻ പൂർത്തിയാക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത തീയറ്റർ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2024 ഡിസംബർ മാസത്തോടെ പ്രവർത്തന സജ്ജമാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ